3. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് 15% ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി അഞ്ച് ലക്ഷം രൂപ)

4. അമ്പത് കോടിയിൽ അധികം മുതൽമുടക്കുള്ള പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ

ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് †അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ടൂറിസ്റ്റ് ഹോട്ടലുകൾക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങളെ ഒരു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ഡി) വിദേശ മൂലധന നിക്ഷേപകർക്ക് പ്രത്യേകാനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി ടൂറിസം വിഷൻ 2025-ൽ വ്യവസ്ഥയുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്ന ടൂറിസ്റ്റ് വികസന പദ്ധതികൾ

101 [1787] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി തുടങ്ങുന്ന ഏതെല്ലാം ടൂറിസ്റ്റ് വികസന പദ്ധതികൾക്കാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്നത്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിനുവേണ്ടി സമർപ്പിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കേരളത്തിൽ പുതുതായി തുടങ്ങുന്ന ടൂറിസ്റ്റ് വികസന പദ്ധതികളുടേയും, ധനസഹായത്തിന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികളുടേയും വിവരം ††അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ സാമ്പത്തിക വർഷം പദ്ധതികളൊന്നും കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	പുതിയ കടപ്പുറം-അഞ്ചുട്ടി റോഡ്	താനൂർ	5.00
9	കുറ്റിയിൽ-വാക്കയിൽ	തിരൂരങ്ങാടി	5.00
10	കുന്നത്തു-കോടാലിച്ചിറ	ചേർത്തല	11.25
11	ഹോസ്ബറ്റ്-കണ്വതീർത്ഥ റോഡ്	മഞ്ചേശ്വരം	10.00
12	അവിക്കൽ കടപ്പുറം അജന്നൂർ റോഡ്	ഉദുമ	10.00
13	ഏഴു കുടിക്കൽ ബീച്ച്	കൊയിലാണ്ടി	7.50
14	മുൾഗർ റോഡ് ആലപ്പുഴ	ആലപ്പുഴ	9.55
15	ചിലക്കൂർ വള്ളക്കടവ് ഫിഷറീസ് കോളനി	വർക്കല	10.00
16	പൂന്തുറ ചെറിയമുട്ടം റോഡ്	തിരുവനന്തപുരം വെസ്റ്റ്	12.80
17	തുളവില-കരുംപള്ളിക്കര റോഡ്	കോവളം	6.60
		ആകെ	153.25

അനുബന്ധം VII

[6-2-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101(1787)-ന്റെ ഉത്തരം ദയവായി കാണുക]

1. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ആക്കുളം.
2. എഡ്യൂയിൻമെന്റ് സെന്റർ, തൃപ്പൂണിത്തുറ.
3. ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ്, കാലടി.
4. ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ്, ഗുരുവായൂർ.
5. ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ്-സെൻട്രൽ ടൂറിസം സർക്യൂട്ട്.
6. ഡെസ്റ്റിനേഷൻ ഡവലപ്പ്മെന്റ് പ്രോജക്ട്, മലബാർ.
7. ഡവലപ്പ്മെന്റ് ഓഫ് ആർട്ട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജ്, വിഴിഞ്ഞം.
8. കിറ്റ്സിൽ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഉപയോഗം ഏർപ്പെടുത്തിയതിന്.
9. ഇൻഫർമേഷൻ ടെക്നോളജിയുടെ ഉപയോഗം.
10. ഉത്സവങ്ങൾ.
11. സോളാർ ഹൈബ്രിഡ് ബോട്ട് വാങ്ങുന്നതിന്.
12. ആറന്മുളയിൽ പവലിയൻ.

LIBRARY ARCHIVES Kerala Legislative Assembly